(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1665/2017 കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 05.08.2017.

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കിളിമാനൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കിളിമാനൂർ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1665/17 തീയതി: 05.08.2017.

## തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.11.2016 മുതൽ 30.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ജമാലുദ്ദീൻ.എ. (ഡെപ്യൂട്ടി ഡയറക്ടർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.07.2017മുതൽ 28.07.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സനിൽ.എസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സ്വപ്ന.ആർ.കെ,<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ലേഖ.എം.എൽ, സീനി.ഗ്രേ.ഓഡിറ്റർ.<br>ശ്രീ.വിനുകുമാർ.പി.കെ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.ബി.രാജലക്ഷ്മി അമ്മാൾ, 01.04.16 മുതൽ 31.03.2017 വരെ

സെക്രട്ടറി : ശ്രീ.ബാബു നന്ദകുമാർ, 01.04.16 മുതൽ 31.03.17 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീബ.ബി.റാണി | 01.04.2016 മുതൽ 01.06.2016 വരെ |

| | | |
|---|---|---|
| | ശ്രീമതി.ഷീബ.എസ് | 02.06.2016മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അഹമ്മദ് കണ്ണ് | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശിവകുമാർ | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.സുധീർ ജേക്കബ്ബ് | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷൈലേഷ് കുമാർ | 01.04.2016മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീമത.ഷാലുമോൾ.എസ്.എസ് | 01.04.2016മുതൽ 31.03.2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ത്രേസി.ജെ | 01.04.2016മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.നിസാം.റ്റി.എസ് | 01.04.2016മുതൽ 08.11.2016വരെ |
| | ഷാജി.ജെ | 09.11.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.സുധീർ | 01.04.2016മുതൽ 31.03.2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | പൊതുഅവലോകനം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | കെട്ടിട നിർമ്മാണം ക്രമവൽക്കരണ ഫീസ് സ്വീകരിച്ചതിലെ അപാകത | 2-1 | |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 | |

| | | | |
|---|---|---|---|
| 14 | മൊബൈൽ ടവറുകളിൽ നിന്ന് ലൈസൻസ് ഫീസും വസ്തു നികുതിയും ഈടാക്കുന്നില്ല | 2-3 | |
| 15 | ഇ -ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-4 | |
| 16 | ട്രേഴ്ഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലിക്കമാക്കി സൂക്ഷിക്കുന്നില്ല | 2-5 | |
| 17 | വസ്തു നികുതി പരിഷ്കരണം- അപാകതകൾ | 2-6 | |
| | ഭാഗം-3 | | |
| 18 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല. | 3-1 | |
| 19 | ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 3-2 | |
| 20 | വി.ഇ.ഒ-യുടെ അക്കൌണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഒടുക്കേണ്ടതാണ്. | 3-3 | |
| 21 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-4 | |
| 22 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ - പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം | 3-5 | |
| | ഭാഗം - 4 | | |

| | | | |
|---|---|---|---|
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 28 | ഓഡിറ്റ് റിക്കവറി | 4-6 | |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഇലക്ഷൻ പ്രമാണിച്ച് 2016-17 വർഷത്തിൽ വോട്ട് ഓൺ അക്കൗണ്ട് ആയി 2015-16 ബജറ്റ് അതേപടി പാസാക്കി ( 17.08.2016 ലെ തീരുമാനം (1)). ആയതിലെ ആകെ വരവുകൾ 113042305/-രൂപയും, ആകെ ചെലവുകൾ110518136/-രൂപയും, നീക്കിയിരിപ്പ്/- 2524169/- രൂപയും ആണ്. 14/10/2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 133899796/- രൂപയും ചെലവ് 130194934/-രൂപയും നീക്കിയിരിപ്പ് 3704862/- രൂപയും ആണ്. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് 52280381/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 42183844/-രൂപയും നീക്കിയിരുപ്പ് 10096537/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 07.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27.07.2017 | - |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 7547377

വരവ് : 44733004

ആകെ : 52280381

ചെലവ് : 42183844

നീക്കിയിരിപ്പ് : 10096537

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8934235 | 8934235 | 8934235 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4293230 | 4293230 | 4293230 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2841624 | 2841624 | 2841624 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2603290 | 2603290 | 2603290 | 0 | 100 |
| 13-ാം ധനകാര്യ | 0 | 4715245 | 4715245 | 4715245 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 9 | 966485 | 966494 | 964568 | 1926 | 99.8 |
| ബി ഫണ്ട് | 0 | 1074920 | 1074920 | 1074920 | 0 | 100 |
| ഐ.സ്.ഡി.എസ് | 133104 | 752441 | 885545 | 590667 | 294878 | 50 |
| ടോട്ടൽ സാനിട്ടേഷൻ | 372000 | 1302000 | 1674000 | 1005115 | 668885 | 60 |
| സാക്ഷരത | 2349 | 35671 | 38020 | 35671 | 2349 | 94 |
| തനത് ഫണ്ട് | 3244180 | 7158367 | 10402547 | 4730388 | 5672159 | 45 |
| ശുചിത്വമിഷൻ | 24885 | 0 | 24885 | 24885 | 0 | 100 |
| കേരളോത്സവം | 0 | 15000 | 15000 | 15000 | 0 | 100 |
| വിമുക്തി ഫണ്ട് | 0 | 25000 | 25000 | 0 | 25000 | 0 |
| ബ.പി.എൽ ഇൻസന്റീവ് | 135150 | 0 | 135150 | 135150 | 0 | 100 |
| മൃഗസംരക്ഷണ വകുപ്പ് (സബ്സെന്റർ കെട്ടിടം) | 0 | 500000 | 500000 | 0 | 500000 | 0 |
| ജില്ലാപഞ്ചായത്ത് വിഹിതം | 71000 | 0 | 71000 | 42660 | 28340 | 60 |
| ബ്ലോക്ക് വിഹിതം (മൂലധനം) | 0 | 500000 | 500000 | 0 | 500000 | 0 |
| റവന്യ ബ്ലോക്ക് വിഹിതം | 0 | 124380 | 124380 | 94414 | 29966 | 76 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 0 | 578823 | 578823 | 578823 | 0 | 100 |
| ഗുണഭോക്തൃ വിഹിതം | 0 | 623200 | 623200 | 623200 | 0 | 100 |
| TSB A/C | 2973648 | 6728292 | 9701940 | 7805758 | 1896182 | 80 |
| ക്യാഷ് ഇൻ ഹാന്റ് | 66052 | 54499 | 120551 | 66052 | 54499 | 55 |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് വിഹിതം | 25000 | 0 | 25000 | 0 | 25000 | 0 |
| KLGSTP | 0 | 906302 | 906302 | 906302 | 0 | 100 |
| ആരോഗ്യ പുരസ്കാരം | 500000 | 0 | 500000 | 102647 | 397353 | 21 |
| ആകെ | 7547377 | 44733004 | 52280381 | 42183844 | 10096537 | 80.68 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 43849130 | 96 | 26316056 | 9 | 30 | 71% |

## 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 1498860 | 1551725 | 52865 | 4 |
| കെട്ടിട നികുതി | 1228800 | 3077277 | 1848477 | 150 |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 16600 | - | - | - |
| ഡി&ഒ ലൈസൻസ് | 41850 | 66100 | 24250 | 58 |
| മറ്റ് വരവുകൾ | 453058 | 1858635 | 1405577 | 310 |
| ആകെ | 3239168 | 6494037 | 3254869 | 100 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 649920 | 370 |
| കർഷക തൊഴിലാളി പെൻഷൻ | 4530540 | 434 |
| വിധവാപെൻഷൻ | 10701290 | 1019 |
| വാർദ്ധക്യകാല പെൻഷൻ | 21661390 | 1841 |
| വികലാംഗ പെൻഷൻ | 2483710 | 225 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 360000 | 12 |
| 50 വയസ്സിന് മുകളില്ലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 356800 | 31 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2017രാവിലെ 10.30മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് 3854 രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി നിയമാനുസൃത ഫീസ് ഈടാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. വസ്തു നികുതി പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതും, മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ട കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതും ആണ്. മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതി പൂർത്തിയാക്കി, ആയതിന് അനുസരിച്ചുള്ള വൈദ്യുത ചാർജ് അടക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഉൽപാദന മേഖലയിൽ വകയിരുത്തുന്ന തുക പരമാവധി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.07.2017 മുതൽ 11.07.2017വരെ | 02/17 മുതൽ 06/17 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.01.2013മുതൽ 04.02.2013വരെ | 2007-08 മുതൽ 2011-12 വരെ | 15.04.2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണം ക്രമവൽക്കരണ ഫീസ് സ്വീകരിച്ചതിലെ അപാകത

കേരള പഞ്ചായത്ത്, കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 135(3), 137(2), (3), (4) പ്രകാരം, അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരണം നടത്തുമ്പോൾ പെർമ്മിറ്റ് ഫീസ് ഈടാക്കുകയും, ക്രമവൽക്കരണ ഫീസായി പെർമ്മിറ്റ് ഫീസിന്റെ ഇരട്ടി വാങ്ങണമെന്നുമാണ്. എന്നാൽ താഴെപ്പറയുന്നവരുടെ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്ന അപേക്ഷയിന്മേൽ, ക്രമവൽക്കരണ ഫീസ് മാത്രം ഈടാക്കി കെട്ടിട നമ്പർ നൽകിയിരിക്കുന്നു. പെർമ്മിറ്റ് ഫീസ് ഈടാക്കിയിട്ടില്ല (ക്രമവൽക്കരണ രജിസ്റ്റർ 2016-17 1 മുതൽ 25 വരെ നമ്പർ).

| ക്രമ നം. | പേര് /വിലാസം | പ്ലിന്ത് ഏരിയ ($m^2$) | ഈടാക്കിയ പെർമിറ്റ് ഫീസ് @ | ഈടാക്കേണ്ട റഗുലറൈസേഷൻ ഫീസ് (പെർമിറ്റ് ഫീസ് | ഈടാക്കിയ റഗുലറൈസേഷൻ ഫീസ് (പെർമിറ്റ് | ബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | Rs.3/$m^2$ | +പെർമിറ്റ് ഫീസ് x2) | ഫീസ് x2) | |
| 1 | ഗിരിജകുമാരി, കൊച്ചു വിളവീട്, മലയ്ക്കൽ | 103 | 309 | 927 | 618 | 309 |
| 2 | ഷൈബി.എം, ഷൈബി വില്ല, പഴയചന്ത, പോങ്ങനാട് | 184 | 552 | 1656 | 1104 | 552 |
| 3 | സുലൈഖ/ഷബിർ, എസ്.എസ്.മൻസിൽ | 21.5 | 64.5 | 193.5 | 129 | 65 |
| 4 | നാസറുദ്ദീൻ, വട്ടവിള വീട്, മാവിൻമൂട് | 43 | 129 | 387 | 258 | 129 |
| 5 | വിജയകുമാരി രാജേന്ദ്രൻ, തപസ്യ, കാലായിക്കോട് | 170 | 510 | 1530 | 1020 | 510 |
| 6 | വിഷ്ണു പ്രസാദ്, പാലാഴി, ദേവേശ്വരം | 32 | 96 | 288 | 192 | 96 |
| 7 | അബ്ദുൾ സലാം, | 75 | 225 | 675 | 450 | 225 |

| | | | | | | |
|---|---|---|---|---|---|---|
| | സമീന മൻസിൽ, പുതുശ്ശേരിമുക്ക് | | | | | |
| 8 | സജാദ്, സജ്ന മൻസിൽ, മറവക്കുഴി, തട്ടത്തുമല | 160 | 480 | 1440 | 960 | 480 |
| 9 | റീജ, അമൃത, പുതിയകാവ് | 245 | 735 | 2205 | 1470 | 735 |
| 10 | ഉഷാകുമാരി, ശ്രീലകം, പനപ്പാംകുന്ന് | 128 | 384 | 1152 | 768 | 384 |
| 11 | ബലറാം, പൗർണ്ണമി, മുളയ്ക്കലത്തുകാവ് | 26.3 | 78.9 | 236.7 | 157.8 | 79 |
| 12 | ഷീല, തലപ്പിൽ വീട്, കീഴ്വണ്ണടി, വർത്തൂർ | 106.3 | 318.9 | 956.7 | 637.8 | 319 |
| 13 | അലിയാരുകുഞ്ഞ്, സി.കെ മൻസിൽ, മുളയ്ക്കലത്തുകാവ് | 58.6 | 175.8 | 527.4 | 351.6 | 176 |
| 14 | പീതാംബരൻ, സിന്ധുഭവൻ, മലയാമഠം | 152 | 456 | 1368 | 912 | 456 |
| 15 | സൈദത്തുബീവി, മൈലക്കുന്നിൽ വീട്, GHSS-ന് സമീപം, കിളിമാനൂർ. | 29 | 87 | 261 | 174 | 87 |

| | | | | | | |
|---|---|---|---|---|---|---|
| 16 | നിസാറുദീൻ, ജി.വി.ഹൗസ്, മലയ്ക്കൽ | 39.3 | 117.9 | 353.7 | 235.8 | 118 |
| 17 | റംലാബീവി, ദാറുൽ ഇർഷാദ്, പോങ്ങനാട് | 95 | 285 | 855 | 570 | 285 |
| 18 | ഗിരീഷ്കുമാർ, മുരുകാലയം, പുതുമംഗലം | 32 | 96 | 288 | 192 | 96 |
| 19 | കുൽസാബീവി, തോപ്പിൽ വീട്, H.S ന് സമീപം, കിളിമാനൂർ | 105 | 315 | 945 | 630 | 315 |
| 20 | സുധ, രശ്മി ഭവൻ, കോണത്ത് മയ്ക്കൽ | 95 | 285 | 855 | 570 | 285 |
| 21 | ഗിയാസുദ്ദീൻ &റാസി, ദാറുൽ ഇസ്ലാം | 154 | 462 | 1386 | 924 | 462 |
| 22 | വസുന്ധര.ബി, അനിൽ നിവാസ്, പനപ്പാംകുന്ന് | 149 | 447 | 1341 | 894 | 447 |
| 23 | കെ.മോഹൻദാസ്, മഠത്തിൽ വിളാകത്ത് വീട്, ആലത്തുകാവ് | 119.3 | 357.9 | 1073.7 | 715.8 | 358 |
| 24 | ജയശ്രീ, അഞ്ജനാമന്ദിരം, | 104 | 312 | 936 | 624 | 312 |

| | | | | | | |
|---|---|---|---|---|---|---|
| | മുളയ്ക്കലത്ത് കാവ് | | | | | |
| 25 | ബിജു, ഹരിനന്ദനം | 118 | 354 | 1062 | 708 | 354 |
| | ആകെ | | | | | 7634 |

മേൽ തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 4 എന്നിവ അനുസരിച്ച് ഗ്രാമ പഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ വർഷവും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഡോ.സ്റ്റാൻലി ജോസഫ്, തൈപ്പറമ്പിൽ ക്ലീനിക് 2016-17 വർഷം ലൈസൻസ് പുതുക്കി നൽകിയപ്പോൾ പുതുക്കൽ ഫീസിനത്തിൽ 50/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. പ്രസ്തുത സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ മാവേലി സ്റ്റോർ, ക്ഷീര സഹകരണ സംഘം എന്നിവിടങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ 600/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ബാക്കി ഈടാക്കാനുള്ള തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ തുക | ഈടാക്കാനുള്ളത് | ബാക്കി |
|---|---|---|---|---|
| 1 | തൈപ്പറമ്പിൽ ക്ലീനിക് | - | 2500 | 2500 |
| 2 | മേവേലി സ്റ്റോർ | 600 | 2500 (ഒരു വർഷം) | 1900 |
| 3 | ക്ഷീരസഹകരണ സംഘം | 600 | 2500 (ഒരു വർഷം) | 1900 |
| ആകെ | | | | 6300 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളിൽ നിന്ന് ലൈസൻസ് ഫീസും വസ്തു നികുതിയും ഈടാക്കുന്നില്ല.

ജി.ഒ (എം.എസ്) നം.113/2009/ത.സ്വ.ഭ.വ, തിയതി.02/01/2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതാണ്. 01-04-2013-ൽ പ്രാബല്യത്തിൽ വന്ന ജി.ഒ(ആർ.ടി) 19/2011/ത.സ്വ.ഭ.വ, ജി.ഒ (എം.എസ്) 266/2004/ ത.സ്വ.ഭ.വ 13.08.2004 പ്രകാരം

ടവറിന്റെ ഉയരം പരിഗണിക്കാതെ 10000/- രൂപ ഫീസായും ടവറിനോടനുബന്ധിച്ചുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതിയും ഈടാക്കേണ്ടതുണ്ട്. മൊബൈൽ ടവറിന്റെ ഫീസിനെക്കുറിച്ചുള്ള 4-ാം നമ്പർ അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ ആകെ 9 ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | വാർഡ് നമ്പർ | കെട്ടിട നമ്പർ | പഞ്ചായത്ത് ഡിമാന്റ് നോട്ടീസ് പ്രകാരം ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | ഇൻഡസ് ടവർ ലിമിറ്റഡ് | 3 | 165–A | 12720 |
| 2 | വോഡാഫോൺ എസ്സാർ ലിമിറ്റഡ് | 4 | 396-A | 10395 |
| 3 | ഇന്ത്യ ടെലികോം ഇൻഫ്രാ ലിമിറ്റഡ് | 5 | 297-A | 11340 |
| 4 | വയർലസ് ടി.ടി ഇൻഫോ സർവീസസ് | 10 | 158- A | 9450 |
| 5 | ഭാരതി ഇൻഫ്രാടെക്ക് ലിമിറ്റഡ് | 10 | 167 | 11340 |
| 6 | റിയലൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 10 | 168 | 11340 |
| 7 | സെല്ലുലാർ ഇൻടസ് ടവർ | 12 | 193- A | 12417 |

| | | | | |
|---|---|---|---|---|
| 8 | വയർലസ് ടി.ടി ഇൻഫോ സർവിസസ് | 12 | 196- A | 10500 |
| 9 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 14 | 109-A | 10395 |
| ആകെ | | | | 99897 |

ടവറുകളിൽ നിന്ന് ലഭിക്കേണ്ട ഫീസിനങ്ങൾ വസൂലാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 62920/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്) 318/2013 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No | Project No. | Name of Project | Tender Fee (including tax) | No. of tenders | Total Amount |
|---|---|---|---|---|---|
| 1 | 33/17 | Mannikkinadu- Kuruvikkad Road, second metalling and tarring | 1160 | 2 | 2320 |

| | | | | | |
|---|---|---|---|---|---|
| 2 | 37/17 | Ulloorkkonam Temple road-second metalling and tarring | 1680 | 1 | 1680 |
| 3 | 38/17 | Irulupacha pulimpallikonam Road retarring | 1260 | 1 | 1260 |
| 4 | 39/17 | kannayamkode palarakkuzhi road retarring | 1470 | 1 | 1470 |
| 5 | 44/17 | panappam kunnu netaji vidya engineering college road retarring | 1260 | 1 | 1260 |
| 6 | 46/17 | Thottazhikam Chithirazhikam road retarring | 1260 | 1 | 1260 |
| 7 | 59/17 | Construction of drain at Krishibhavan road | 1370 | 4 | 5480 |
| 8 | 131/17 | Construction of Chenkikkunnu anganvadi | 2630 | 3 | 7890 |
| 9 | 135/17 | Mulakkalathu kavu anganvadi construction | 2630 | 3 | 7890 |
| 10 | 134/17 | Construction of Ponganad anganvadi | 2630 | 4 | 10520 |

| | | | | | |
|---|---|---|---|---|---|
| 11 | 141/17 | Construction of Kadampattukonam Anganvadi | 2630 | 5 | 13150 |
| 12 | 139/17 | Improvements to Nellimoodu-Punnavila road | 2630 | 2 | 5260 |
| 13 | 14017 | Mulakkalathukavu-Mundapallikonam road concreting and side wall | 1160 | 3 | 3480 |
| Total | | | | | 62920 |

പ്രസ്തുത തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലിക്കമാക്കി സൂക്ഷിക്കുന്നില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നല്കലും) ചട്ടം 3പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. തൽ ഫലമായി തനതു വരുമാനത്തിൽ കുറവു വരുന്നുണ്ട്. പഞ്ചായത്ത് മേഖലയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## 2-6 വസ്തുനികുതി പരിഷ്കരണം-അപാകതകൾ

സ.ഉ(നം.)19/2011/തസ്വഭവ/14/01/2011 പ്രകാരം 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ചട്ടങ്ങളും സർക്കാർ ഉത്തരവ് (പി) 88/2013 തസ്വഭവ 13/3/2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ഭേദഗതി ചട്ടങ്ങളും ജി.ഒ(എം.എസ്)385/2015.തസ്വഭവ 16/12/2015 ഉത്തരവും പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ വസ്തു നികുതി പരിഷ്കരണം നടത്തിയിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ രൂപ കൽപന ചെയ്ത സഞ്ജയ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പരിഷ്കരണം നടത്തിയിരിക്കുന്നത്. ഗ്രാമപഞ്ചായ ത്തിലെ വസ്തു നികുതി പരിഷ്കരണ ഫോറം നമ്പർ 6 ഉം രജിസ്റ്ററുകളും, സോഫ്റ്റ് വെയറും പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഡ് നം. - 1

രാജേന്ദ്രക്കുറുപ്പ്, വീട്ട് നമ്പർ - 236

പഞ്ചായത്ത് ഉദ്യോഗസ്ഥർ നടത്തിയ വിവര ശേഖരണ ഫോറത്തിൽ കാലപ്പഴക്കം 20 വർഷത്തിന് താഴെ സോഫ്റ്റ് വെയറിൽ 25 മുതൽ 50 വർഷം വരെ

2. വാർഡ് നം. - 2

യശോധരൻ, വിദ്യാ ഹൗസ്, വീട്ട് നമ്പർ - 229

ഡാറ്റാ കളക്ഷൻ പ്രകാരം വിസ്തീർണ്ണം - 110 $m^2$

ഡാറ്റാ കളക്ഷൻ പ്രകാരം കാലപ്പഴക്കം - 16 വർഷം

ഡാറ്റാ എൻട്രി പ്രകാരം വിസ്തീർണ്ണം - 151 $m^2$

ഡാറ്റാ എൻട്രി പ്രകാരം കാലപ്പഴക്കം - 25 മുതൽ 50 വർഷം വരെ

3. വാർഡ് നം. - 3

രാധാകൃഷ്ണൻ, വീട്ട് നമ്പർ - 322, ആതിര ഭവൻ

ഡാറ്റാ കളക്ഷൻ പ്രകാരം വിസ്തീർണ്ണം - 50 $m^2$

ഡാറ്റാ എൻട്രി പ്രകാരം വിസ്തീർണ്ണം - 65 $m^2$

വസ്തു നികുതി പരിഷ്കരണവുമായി മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല.

പദ്ധതി നം പേര് : S0027/16-17ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ തുക : 500000/-

ചെലവ് തുക : 500000/- മെയിന്റനൻസ് ഫണ്ട് റോഡിതരം

ബിൽ നം തീയതി : 1/2016-17, 14-12-16

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 500000/- രൂപ പിൻവലിച്ച് ആയുർവേദ മരുന്ന് വിതരണ സ്ഥാപനമായ ഔഷധിക്ക് (ഡി.ഡി.നം.432065, dated 16.12.16) കൈമാറിയിട്ടുണ്ട്. ഇതുവരെ 114077/-രൂപയുടെ മരുന്നുകളാണ് ഔഷധിയിൽ നിന്നും ലഭിച്ചിട്ടുള്ളത്. 385923/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (7, dated. 21.7.17) മരുന്നുകൾ സൂക്ഷിക്കാൻ സ്ഥലപരിമിതി കാരണം മരുന്നുകൾ ഘട്ടം ഘട്ടമായി വിതരണം ചെയ്താൽ മതിയെന്ന്

ഔഷധിയെ അറിയിച്ചതിനാലാണ് മുഴുവൻ മരുന്നും ലഭ്യമാക്കാത്തതെന്ന് മറുപടി നല്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മരുന്നുകൾ തീരുന്ന മുറയ്ക്ക് തുക പിൻവലിച്ച് ഔഷധിക്ക് കൈമാറി മരുന്ന് ലഭ്യമാക്കുന്നത് അഭികാമ്യമായിരിക്കും. മേൽ തുകയിൽ ലഭിക്കാനുള്ള മരുന്നിന്റെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-2 ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

പ്രോജക്ട് നം പേര് : എസ് 0074/17 വായനശാലക്ക് പുസ്തകങ്ങൾ വാങ്ങൽ.

അടങ്കൽ തുക : 50000/-

ചെലവ് തുക : 50000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ബിൽ നം തീയതി : 43/16-17 തീയതി 9.3.17.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 50000/- രൂപ ചെലവഴിച്ച് കറന്റ് ബുക്സിൽ നിന്നും കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ വായനശാല യിലേക്ക് പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. സർക്കുലർ നം.38156/ഡി.എ.2/2012 ത.സ്വ.ഭ.വ.05.09.2012-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ ബുക് മാർക്കിന് മുൻഗണന നല്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ബുക് മാർക്കിൽ ഇല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറത്ത് നിന്ന് വാങ്ങാവൂ എന്ന് പരാമർശിച്ചിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്( നം 10,27.07.17) പുസ്തകങ്ങൾക്ക് പരമാവധി ഡിസ്കൗണ്ട് ലഭിച്ചതിനാലാണ് വാങ്ങിയതെന്ന് അറിയിച്ചു.ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 വി.ഇ.ഒ-യുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഒടുക്കേണ്ടതാണ്.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ആരംഭിച്ച ബാങ്ക് പാസ്ബുക്കിൽ (അക്കൗണ്ട് നം.103392582825 SBI Ponganadu) നിലവിൽ 131584/- ബാലൻസ് കാണുന്നു. സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച തുകയുടെ ബാക്കി തുക 102000/- രൂപയും മുൻബാലൻസ് തുക 23590/- രൂപയും പലിശ ഇനത്തിൽ ലഭിച്ച തുക5994/-രൂപയും ചേർന്ന തുകയാണ് അക്കൗണ്ടിൽ അവശേഷിക്കുന്നതെന്ന് ഈ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.12, dated 27.07.17) വി.ഇ.ഒ. മറുപടി നല്കി. പ്രസ്തുത തുക സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയ്ക്കായി ചെലവഴിക്കാത്ത പക്ഷം ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

1) പ്രോജക്ട് നം, പേര് : S0064/17പി എം എ വൈ വിഹിതം നല്കൽ(scp)

അടങ്കൽ തുക : 1764000/- വികസന ഫണ്ട്

ചെലവ് തുക : 1764000/-

ബിൽ നം,തീയതി : 17/17,22.03.17

നിർവ്വഹണം : സെക്രട്ടറി.

കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ 36 ഗുണഭോക്താക്കൾക്ക് 49000/- രൂപ നിരക്കിൽ ഭവന നിർമ്മാണത്തിന് ധനസഹായം നല്കുന്നതിനായി 1764000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന പദ്ധതിയ്ക്കു വേണ്ടി കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പേർക്ക് (ഡി.ഡി.നം.431605 തീയതി 19.02.17) നല്കിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 855000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കി തുക 909000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) പ്രോജക്ട് നം,പേര് : S00153/17-തെന്നൂർ കോളനിയിൽ കുടിവെള്ള ടാങ്ക് സ്ഥാപിക്കൽ

അടങ്കൽ തുക : 24991/- വികസന ഫണ്ട്

ചെലവ് തുക : 24660/-

ബിൽ നം,തീയതി : 48/29.03.17

നിർവ്വഹണം : സെക്രട്ടറി.

കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ തെന്നൂർ കോളനിയിൽ കുടിവെള്ള പദ്ധതിയ്ക്കായി 3000 ലിറ്റർ സിന്തറ്റിക് ടാങ്ക് സ്ഥാപിക്കുന്നതിനായി 24660/- രൂപ ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് ഡെപ്പോസിറ്റായി നല്കിയിട്ടുണ്ട്. 29.03.17-ൽ ഡിപ്പാർട്ടുമെന്റ് തുക കൈപ്പറ്റിയ രസീത് നല്കിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മേൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

## 3-5 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ - പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം.

2016-17 സാമ്പത്തീക വർഷം ആകെ 58 പുതിയ മരാമത്ത് പ്രവർത്തികൾക്കാണ് അംഗീകാരം ലഭിച്ചത്. എന്നാൽ 26 പദ്ധതികളുടെ നിർമ്മാണം തൻവർഷം ആരംഭിച്ചിട്ടില്ല. 17 ടാറിംഗ് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ 2 എണ്ണം മാത്രമേ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുള്ളൂ. ഒരെണ്ണം ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. ടാറിംഗ് പ്രവർത്തികൾ പൂർത്തീകരിയ്ക്കാത്തതിന്റെ കാരണം സംബന്ധിച്ച് 27.7.2017-ൽ ഓഡിറ്റ് എൻക്വയറി (നം.12) നൽകിയതിനുള്ള മറുപടിയിൽ നിലവിലുള്ള സർക്കാർ ഉത്തരവ് (നം.3049/2016/ത.സ്വ.ഭ.വ. തീയതി.08.11.16) പ്രകാരം ടാറിന്റെ ബില്ല് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭിച്ചതിന് ശേഷം മാത്രമേ പദ്ധതി നിർവഹണം നടത്തുവാൻ പാടുള്ളൂ എന്ന് പറയുന്നു. ടാറിംഗ് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകൾ റിഫൈനറിയിൽ അക്കൗണ്ട് എടുത്ത് ഫണ്ട് നിക്ഷേപിച്ചതിനു ശേഷം മാത്രമേ ടാറും ബില്ലും ലഭിയ്ക്കുകയുള്ളൂ എന്നും മറുപടിയിൽ പറയുന്നു. പ്രസ്തുത സാങ്കേതിക തടസ്സം പരിഹരിച്ച് പ്രവർത്തികൾ പൂർത്തീകരിയ്ക്കുന്നതിന് കരാറുകാർക്ക് നിർദ്ദേശം നൽകുവാൻ പഞ്ചായത്ത് കമ്മിറ്റി ശ്രദ്ധചെലുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമനം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 75420 | പാൽ സബ്സിഡി - വനിതകൾക്ക് | 75420 | 0 |
| 2 | ,, | 48960 | പാൽ സബ്സിഡി - വനിത വിധവകൾക്ക് | 18994 | 29966 |
| 3 | ,, | 5612 | പാലിയേറ്റീവ് കെയർ | 5612 | 0 |
| 4 | ,, | 271432 | പാലിയേറ്റീവ് കെയർ | 271432 | 0 |
| 5 | ,, | 71000 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 71000 | 0 |
| 6 | ,, | 500000 | കടമ്പാട്ടുകോണം അംഗൻവാടി കെട്ടിടനിർമ്മാണം | 0 | 500000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾക്ക് മീറ്റർ | 431604 | 185500 | 185500 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 2 | കെ.എസ്. ഇ.ബി | കുടുംബക്ഷേമ ഉപകേന്ദ്രം - വൈദ്യുതീകരണം | 432126<br>016159 | 21300<br>2034 | 23334 | 0 |
| 3 | കെ.എസ്. ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | RTGS<br>Cheque 4115 | 300000<br>1754 | 301754 | 0 |
| 4 | കെ.എസ്. ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | RTGS | 421284 | 421284 | 0 |
| | കെ.എസ്. ഇ.ബി | കൊട്ടാരത്തിന് സമീപമുള്ള പോസ്റ്റ് മാറ്റൽ | RTGS | 114302 | 114302 | 0 |
| | ജല അതോറിറ്റി | തെന്നൂർ കോളനിയിൽ കുടിവെള്ള ടാങ്ക് സ്ഥാപിയക്കൽ | RTGS | 24260 | 24260 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.275/2010 ത.സ്വ.ഭ.വ തീയതി | 6736000 | 0 | 0 | 0 | 238644 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 27.01.2010 | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2010-11 | 2-1 | 150 | ശ്രീമതി.പ്രീത | 11611100152 തീ.17.08.16 |
| 2010-11 | 3-3 | 2400 | ശ്രീ.സുബാഷ് ചന്ദ്രൻ | 1611100174/18.08.16 |
| 1997 2001-02 (A.G.Audit) | 6 | 60 | ശ്രീ.ശീരാജ് | 11611100678/30.03.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 03/09 | 2014-15 | 4/1/4 | ഖരമാലിന്യ സംസ്കരണ സംവിധാനം നിഷ് ക്രിയം | ബാധ്യത നിശ്ചയിച്ചിട്ടുള്ള മെമ്പർ മാർക്കും ഉദ്യോഗസ്ഥനും വിശദീ കരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകിയെങ്കിലും |

| | | | | | |
|---|---|---|---|---|---|
| | | | | | വിശദീകരണം ലഭിച്ചിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52280381- (മുന്നിരിപ്പ്ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42183844/- |
| വരവിനങ്ങളിലുള്ള നഷ്ടം | 13934/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 385923/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 385923 | ഡോ.ശിവകുമാർ,മെഡിക്കൽ ഓഫീസർ (ആയുർവേദം) |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം*

*മേൽവിലാസങ്ങൾ*

| ഖണ്ഡികനം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 2-1 | 7634 | - | ശ്രീ.ബി.ബാബുനന്ദകുമാർ, സെക്രട്ടറി | നന്ദനം, പോങ്ങനാട്.പി.ഒ, കിളിമാനൂർ |
| 2-2 | 6300 | - | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി. 6 (ഡി) 367/02. തീയതി 02.07.2014 | 1 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1367/03. തീയതി 27.04.2014 | 6 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/967/04.തീയതി 15.03.2015 | 1 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1150 /05.തീയതി.02.07.2014 | 2 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1201 /08.തീയതി.02.07.2014 | 1 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.9/1202 /08.തീയതി.02.07.2014 | 1 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.9/322 /10.തീയതി.02.07.2014 | 3 | |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.9/323 /10.തീയതി.02.07.2014 | 8 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.9/1940 /11.തീയതി.12.09.2012 | 8 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി 9/1941 /11.തീയതി.13.09.2012 | 5 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.9/2141 /12.തീയതി.03.01.2014 | 3 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.9/1277 /14.തീയതി.13.01.2015 | 8 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.9/1771 /14.തീയതി.13.07.2015 | 10 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1903/15 തീയതി.11.11.2015 | 7 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1338/16 തീയതി.30.07.2016 | 8 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2025/16 തീയതി.25.11.2016 | 9 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ

അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1. ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം കാലികമാക്കിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.